


തൃക്കാക്കര പോലീസ് സ്റ്റേഷനിലെ ജീവനക്കാരെ ആദരിക്കാനെത്തിയ ഭാരത് മാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്കിലെ എംഎസ്ഡബ്ല്യു വിദ്യാർഥികൾ പോലീസ് സി ഐ ഷാബുവിനും ഉദ്യോഗസ്ഥർക്കൊപ്പം

കൊച്ചി: പ്രണയദിനം കമിതാക്കളുടേതു മാത്രമല്ല; സ്നേഹമുള്ള ലോകത്തിൽ മറ്റുള്ളവർക്കായി സ്നേഹപൂർവം കരുതലൊരുക്കുന്നവരുടേതുമാണെന്ന് ഓർമിപ്പിച്ചു സാമൂഹ്യ പ്രവർത്തന വിദ്യാർഥികൾ. കോവിഡ് പ്രതിരോധ രംഗത്തെ മുന്നണിപ്പോരാളികളെയും ആപത്തുകളിൽ രക്ഷാപ്രവർത്തനം നടത്തുന്നവരെയും ആദരിക്കാൻ തൃക്കാക്കര ഭാരത് മാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്കിലെ ഒന്നാം വർഷ എംഎസ്ഡബ്ല്യു വിദ്യാർഥികൾ പ്രണയദിനം തെരഞ്ഞെടുത്തപ്പോൾ അതു വ്യത്യസ്തതയുടെ ആഘോഷം കൂടിയായി.

തൃക്കാക്കരയിൽ കോ ഓപ്പറേറ്റീവ് ആശുപത്രിയിലെയും, പോലീസ് സ്റ്റേഷനിലെയും ഫയർ സ്റ്റേഷനിലെയും ജീവനക്കാരെയാണു 'സ്നേഹദൂത് 2022' എന്നു പേരിട്ട പദ്ധതിയുടെ വിദ്യാർഥികൾ ആദരിച്ചത്. സ്നേഹത്തിന്റെയും കരുതലിന്റെയും കടപ്പാടുകളുടെയും സ്നേഹസന്ദേശങ്ങളെഴുതിയ കാർഡുകളും പൂക്കളും മധുരവും വിദ്യാർഥികൾ നേരിട്ടെത്തി കൈമാറി.

തൃക്കാക്കര ഫയർ സ്റ്റേഷനിൽ സ്റ്റേഷൻ ഓഫീസറായ കെ .കെ സതീശനും മറ്റ് ജീവനക്കാർക്കും സ്നേഹദൂതും മധുരവും കൈമാറിയാണ് പരിപാടി ആരംഭിച്ചത്. തൃക്കാക്കര പോലീസ് സ്റ്റേഷനിൽ സി.ഐ ഷാബു വിദ്യാർഥികളെ വരവേറ്റു.

സ്നേഹത്തിന് പ്രണയം എന്നതിലുപരി ശ്രേഷ്ഠമായ അർഥതലം കൂടിയുണ്ടെന്നു വിളിച്ചുപറയുക കൂടിയാണു ലക്ഷ്യമാക്കുന്നതെന്നു പരിപാടിക്കു നേതൃത്വം നൽകിയ വിദ്യാർഥികളായ എസ്സ്.ജെ. അലീന മേരി, സ്വാതി ലക്ഷ്മൺ എന്നിവർ പറഞ്ഞു. എംഎസ്ഡബ്ല്യു വിഭാഗം അസിസ്റ്റന്റ് പ്രഫസർ ഡോ. സെമിച്ചൻ ജോസഫും മാർഗനിർദേശങ്ങളുമായി വിദ്യാർഥികൾക്കൊപ്പം ഉണ്ടായിരുന്നു.